# പതിനാലാം കേരള നിയമസഭ
## (പതിനഞ്ചാം സമ്മേളനം)

25.06.2019-ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4623

**മത്സ്യബന്ധന വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം<br>ശ്രീ.ആർ. രാജേഷ് | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) ഈ സർക്കാർ അധികാരമേറ്റശേഷം മത്സ്യബന്ധന വകുപ്പ് മുഖേന മാവേലിക്കര നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കുമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മത്സ്യബന്ധന വകുപ്പ് മുഖേന മാവേലിക്കര നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) ഉൾനാടൻ മൽസ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ? | ബി) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യമായി 52,46,006/- രൂപയും, സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ ധനസഹായമായി 1,04,28,000/- രൂപയും വിതരണം ചെയ്തു. കൂടാതെ പ്രളയാനന്തരം സർക്കാർ പുന:രുദ്ധാരണ പാക്കേജിൽ ഉൾപ്പെടുത്തി മാവേലിക്കര നിയോജക മണ്ഡലത്തിലെ മാതൃകാ മത്സ്യകർഷകർക്കായി 2,03,430/- രൂപയും അക്വാപോണിക്സ് പദ്ധതിക്കായി 41,400/- രൂപയും കാർപ്പ് മത്സ്യകൃഷിക്കായി 12,31,898/- രൂപയും ചേർത്ത് 55 മത്സ്യ കർഷകർക്കായി ആകെ 14,76,728/- രൂപ നൽകിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ

# അനുബന്ധം

മത്സ്യബന്ധന വകുപ്പ് മുഖേന മാവേലിക്കര നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1) സമ്പാദ്യ സമാശ്വാസ പദ്ധതി
2) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം
3) മത്സ്യസമൃദ്ധി പദ്ധതി മത്സ്യകൃഷിയിൽ ഉൾപ്പെടുത്തി അടുക്കള കുളത്തിലെ കരിമീൻ കൃഷി, പടുതാകുളം
4) ജനകീയ മത്സ്യകൃഷിയിൽ ഉൾപ്പെടുത്തി വലിയകുളം, ചെറിയകുളം, മാതൃകാകുളം
5) ബ്ലു റെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി എയർ ബ്രീത്തിംഗ് ഫിഷ് ഇൻ പോണ്ട്

എന്നീ പദ്ധതികൾ നടപ്പിലാക്കി.

തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖാന്തിരം മാവേലിക്കര നിയോജക മണ്ഡലത്തിൽ 8 റോഡ് പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചു. ഇതിൽ 6 പ്രവൃത്തികൾ പൂർത്തീകരിച്ചു. 2 റോഡ് പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.

പ്രവൃത്തികളുടെ വിശദവിവരം നിലവിലെ സ്ഥിതി ഉൾപ്പെടെ ചുവടെ ചേർക്കുന്നു.

## പൂർത്തീകരിച്ച പ്രവൃത്തികൾ.

| നം. | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | പ്രായിക്കര തറയിൽ-മുക്ക് പള്ളിത്തറ റോഡ് | 28.00 |
| 2 | വള്ളിക്കുന്നം പള്ളിക്കത്തറ-കൊട്ടാരത്തിൽ മുക്ക് റോഡ് | 16.96 |
| 3 | വിവേകാനന്ദ ജംഗ്ഷൻ-മവോലിമുക്ക് ടി.എ കനാൽ എസ്.എൻ.ഡി.പി ഹൈസ്കൂൾ റോഡ് | 34.45 |
| 4 | ആശാൻമുക്ക് - ഏലിയാസ് നഗർ റോഡ് | 22.79 |
| 5 | നൂറനാട് പുലിമേൽ ചുനക്കര ബണ്ട് റോഡ് | 104.00 |
| 6 | വള്ളിക്കുന്നം - കാഞ്ഞിരത്തുംമൂട് പുത്തൻചന്ത റോഡ് | 104.00 |

## പുരോഗമിച്ചു വരുന്ന പ്രവൃത്തികൾ

| നം. | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | കല്ലിൽകുന്നിൽ മുക്ക് കുമ്പിളുമല പള്ളി റോഡ് | 77.91 | 25% പ്രവൃത്തി പൂർത്തിയായി. ശേഷിക്കുന്ന പ്രവൃത്തി പുരോഗമിച്ചു വരുന്നു. |
| 2 | താമരക്കുളം ജംഗ്ഷൻ - നെടുമ്പ്രത്തുവിള പൊയ്കയിൽ വയ്യാങ്കര റോഡ് | 62.00 | 30% പ്രവൃത്തി പൂർത്തിയായി. ശേഷിക്കുന്ന പ്രവൃത്തി പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ആഫീസർ